ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 21.09.2025**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വൈകിട്ട് രാജ്യത്തെ അഭിസംബോധന ചെയ്യും.

2. ജി.എസ്.ടി നിരക്കിൽ വരുത്തിയ ഇളവ് നാളെ മുതൽ പ്രാബല്യത്തിൽ.

3. സംസ്ഥാനത്ത് റീ സർവെ പൂർത്തിയാക്കിയ വില്ലേജ് ഓഫീസുകളിൽ നവംബർ ഒന്ന് മുതൽ റവന്യൂ സ്മാർട്ട് കാർഡുകൾ അവതരിപ്പിക്കും.

4. ഇന്ന് ശ്രീനാരായണ ഗുരു സമാധി ദിനം; ഗുരു ദർശനങ്ങൾ ലോകത്തിനു കരുത്തു നൽകുന്നതാണെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി.

5. ദാദാസാഹിബ് ഫാൽക്കെ പുരസ്കാര നേട്ടം മലയാള സിനിമയ്ക്ക് സമർപ്പിക്കുന്നതായി നടൻ മോഹൻലാൽ.

6. ഏഷ്യാ കപ്പ് ക്രിക്കറ്റ് സൂപ്പർ ഫോറിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും.

RNU TVPM

## പ്രധാനമന്ത്രി - അഭിസംബോധന

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് രാഷ്ട്രത്തെ അഭിസംബോധന ചെയ്യും. വൈകിട്ട് 5 മണിക്കാണ് അദ്ദേഹം രാജ്യത്തെ അഭിസംബോധന ചെയ്യുക.

*************************

## പ്രധാനമന്ത്രി-അരുണാചൽ പ്രദേശ്

പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ അരുണാചൽ പ്രദേശും ത്രിപുരയും സന്ദർശിക്കും. സന്ദർശന വേളയിൽ 5,100 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾ അദ്ദേഹം ഉദ്ഘാടനം ചെയ്യും. അരുണാചൽ പ്രദേശിൽ 3,700 കോടിയിലധികം രൂപയുടെ രണ്ട് പ്രധാന ജലവൈദ്യുത പദ്ധതികൾക്ക് അദ്ദേഹം തറക്കല്ലിടും. വിവിധ മേഖലകളിൽ 1,290 കോടിയിലധികം രൂപയുടെ പ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കം കുറിക്കും.

RNU TVPM

*************************

## സേവാ പർവ് - നികുതി ഇളവ്, പെൻഷൻ പദ്ധതി (ഇൻട്രോ)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ നടപ്പാക്കിയ നികുതി ഇളവുകളും പെൻഷൻ പദ്ധതികളും ആകാശവാണിയുടെ പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്.

(മ്യൂസിക്)

ആദായ നികുതി നിരക്ക് കുറയ്ക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം ജനജീവിതത്തിൽ ഗുണപരമായ മാറ്റങ്ങളാണ് ഉണ്ടാക്കിയത്. 2025–26 ലെ കേന്ദ്ര ബജറ്റിലെ പുതിയ നികുതി

പരിഷ്കാരങ്ങൾ മധ്യവർഗത്തെ ദേശീയ വളർച്ചയുടെ ഒരു സ്തംഭമായി മാറ്റാൻ ശ്രമിക്കുന്നതിന്റെ സൂചനയാണ്. കേന്ദ്ര ബജറ്റ് അവതരണത്തിനു ശേഷം ദരിദ്രർക്കും ഇടത്തരക്കാർക്കും സർക്കാർ നികുതി ഇളവ് ഉറപ്പാക്കിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ചിരുന്നു.

(പിഎം വോയിസ്)

കഴിഞ്ഞ വർഷം ഓഗസ്റ്റിൽ കേന്ദ്ര മന്ത്രിസഭ അംഗീകരിച്ച ഏകീകൃത പെൻഷൻ പദ്ധതി സർക്കാർ ജീവനക്കാർക്കും അവരുടെ കുടുംബങ്ങൾക്കും സാമൂഹിക സുരക്ഷ ശക്തിപ്പെടുത്തുന്നതിനുള്ള മറ്റൊരു പ്രധാന നടപടിയായി.

(മ്യൂസിക്)

*************************

## ജി.എസ്. ടി. - കേരള

RNU TVPM

ഒട്ടനവധി സാധനങ്ങളുടെയും, സേവനങ്ങളുടെയും ജി.എസ്.ടി നിരക്കിൽ വരുത്തിയ കുറവ് നാളെ മുതൽ പ്രാബല്യത്തിൽ വരും. വ്യാപാരികളും സേവനദാതാക്കളും പുതുക്കിയ നികുതി നിരക്കനുസരിച്ചുള്ള ടാക്സ് ഇൻവോയ്സുകൾ നല്കുന്നതിനാവശ്യമായ മാറ്റങ്ങൾ ബില്ലിംഗ് സോഫ്റ്റ്വെയറിൽ വരുത്തേണ്ടതാണ്. സിഗരറ്റ്, ബീഡി, ഗുഡ്ക, പാൻമസാല തുടങ്ങിയ ഉത്പന്നങ്ങളുടെ നികുതി നിരക്ക് 40 ശതമാനത്തിലേക്ക് ഉയർത്തുവാൻ കൗൺസിൽ തീരുമാനം എടുത്തുവെങ്കിലും ഈ മാറ്റം നാളെ മുതൽ പ്രാബല്യത്തിൽ വരില്ല. ഇത് പിന്നീട് വിജ്ഞാപനം ചെയ്യും. നികുതി കുറച്ചതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നതിനുള്ള നടപടികൾ വ്യാപാരിസമൂഹം കൈക്കൊള്ളണമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി കമ്മീഷണർ അറിയിച്ചു.

*************************

## ജി എസ് ടി - റെയിൽവേ

ജി എസ് ടി പരിഷ്കാരത്തിന്റെ ഭാഗമായി, ട്രെയിനുകളിലും റെയിൽവേ പരിസരങ്ങളിലും ലഭ്യമായ കുപ്പിവെള്ളത്തിന്റെ വില കുറയ്ക്കാൻ റെയിൽവേ മന്ത്രാലയം നിർദേശിച്ചു. ഇതനുസരിച്ച് വിലയിൽ ഒരു രൂപയുടെ കുറവുണ്ടാകും.

*************************

## റവന്യൂ സ്മാർട്ട് കാർഡ് - കെ. രാജൻ

റീ സർവെ പൂർത്തിയാക്കിയ വില്ലേജ് ഓഫീസുകളിൽ നവംബർ ഒന്ന് മുതൽ പ്രോപ്പർട്ടി കാർഡുകൾ എന്ന റവന്യൂ സ്മാർട്ട് കാർഡുകൾ അവതരിപ്പിക്കുമെന്ന് മന്ത്രി കെ. രാജൻ പറഞ്ഞു. പാലക്കാട് പരുതൂർ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ഡിജിറ്റൽ രേഖകളുമായി ബന്ധപ്പെട്ട് വില്ലേജ് ഓഫീസുകളിൽ ക്യൂ നിൽക്കാതെ സേവനങ്ങൾ ലഭ്യമാക്കാൻ സ്മാർട്ട് കാർഡുകൾ സഹായിക്കും. ഓരോരുത്തരുടെയും റവന്യൂ രേഖകൾ എല്ലാം ഉൾപ്പെടുത്തിയതായിരിക്കും ഈ കാർഡെന്നും മന്ത്രി പറഞ്ഞു.

RNUTVPM

*************************

## മോഹൻലാൽ (ഇൻട്രോ)

ദാദാസാഹിബ് ഫാൽക്കെ പുരസ്കാര നേട്ടം മലയാള സിനിമയ്ക്ക് സമർപ്പിക്കുന്നതായി നടൻ മോഹൻലാൽ. സിനിമാ മേഖലയ്ക്ക് നൽകിയ സമഗ്ര സംഭാവനകൾ മുൻനിർത്തിയാണ് 2023 ലെ ഫാൽക്കെ പുരസ്കാരത്തിനായി മോഹൻലാലിനെ തെരഞ്ഞെടുത്തത്. 48 വർഷത്തെ സിനിമാ ജീവിതത്തിൽ ലഭിച്ച ഏറ്റവും വലിയ പുരസ്കാരമായി കാണുന്നുവെന്നും നേട്ടത്തിൽ എല്ലാ സഹപ്രവർത്തകർക്കും നന്ദി

പറയുന്നുവെന്നും മോഹൻലാൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

(ഹോൾഡ് വോയ്സ്)

മറ്റന്നാൾ നടക്കുന്ന 71-ാമത് ദേശീയ ചലച്ചിത്ര അവാർഡ് ദാന ചടങ്ങിൽ പുരസ്കാരം സമ്മാനിക്കും.

*************************

## അമീബിക്

അമീബിക് മസ്തിഷ്കജ്വരത്തിനു കാരണമാകുന്ന രോഗാണുക്കളെ കണ്ടെത്താൻ മഹാത്മാഗാന്ധി സർവകലാശാല ഇന്റർ-യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആൻഡ് സൂപ്പർ-സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ പ്രത്യേക ജലപരിശോധനാ സൗകര്യം ആരംഭിച്ചു. ജലസ്രോതസ്സുകളിൽ നിന്നുള്ള രോഗകാരിയായ അമീബകളെ കണ്ടെത്തുന്നതിനുള്ള പരിശോധനാ സൗകര്യമാണിവിടെ ആരംഭിച്ചത്. അതേസമയം, അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഇന്നലെ ഒരു കുട്ടിയെ കൂടി കോഴിക്കോട് മെഡിക്കൽ കോളെജിൽ പ്രവേശിപ്പിച്ചു. മലപ്പുറം സ്വദേശിയായ 13 വയസ്സുള്ള കുട്ടിക്കാണ് രോഗബാധ. നിലവിൽ പത്തു പേരാണ് കോഴിക്കോട് ചികിത്സയിൽ കഴിയുന്നത്.

PRIUTVPM

*************************

## അൽഷിമേഴ്സ് ദിനം

ഇന്ന് ലോക അൽഷിമേഴ്സ് ദിനം. രോഗത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനും കൃത്യമായ ചികിത്സ ഉറപ്പാക്കുന്നതിനുമുള്ള ആഗോള ശ്രമത്തിന്റെ ഭാഗമായാണ് എല്ലാ വർഷവും സെപ്റ്റംബർ 21 ന് ലോക അൽഷിമേഴ്സ് ദിനമായി ആചരിക്കുന്നത്. കേരളത്തിൽ ഏകദേശം 2.20 ലക്ഷം

പേർ അൽഷിമേഴ്സ് ബാധിച്ച് ചികിത്സയിൽ ഉണ്ടെന്നാണ് റിപ്പോർട്ട്.

**************************

## ശ്രീനാരായണ ഗുരു-സമാധിദിനം

ശ്രീനാരായണ ഗുരുദർശനങ്ങൾ ലോകത്തിനു കരുത്തു നൽകുന്നതാണെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി. 98-ാമത് ശ്രീനാരായണഗുരു സമാധി ദിനസമ്മേളനം ചെമ്പഴന്തി ഗുരുകുലത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മഹാത്മാ ഗാന്ധി-ശ്രീനാരായണ ഗുരു കൂടിക്കാഴ്ചയും സംവാദവും ചരിത്രത്തിന്റെ ഭാഗമാണെന്നും അദ്ദേഹം പറഞ്ഞു. കടകംപള്ളി സുരേന്ദ്രൻ MLA അധ്യക്ഷത വഹിച്ചു. ഗുരുദേവന്റെ ദർശനങ്ങളെ ചേർത്തുപിടിച്ച് സമൂഹം മുന്നോട്ട് പോകണമെന്ന് വർക്കല ശിവഗിരിയിൽ നടന്ന ദിനാചരണ പരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തിയ വി.എം. സുധീരൻ പറഞ്ഞു.

RNU TVPM

**************************

## ആറന്മുള വള്ളസദ്യ (ഇൻട്രോ)

ഈ വർഷത്തെ ആറന്മുള വള്ളസദ്യ സമാപിക്കാൻ ഇനി 12 നാൾ മാത്രം ബാക്കി. ഇനിയുള്ള ദിവസങ്ങളിൽ നടക്കാൻ ഉള്ളത് 70 വള്ളസദ്യകൾ.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**

(വോയിസ്)

**************************

## ജോർജ് കുര്യൻ

കായികരംഗത്ത് ഇന്ത്യ നിലവിൽ ഒരു കുതിച്ചുചാട്ടത്തിന്റെ വക്കിലാണെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. ടീമിനുവേണ്ടി കളിക്കുമ്പോൾ ഉണ്ടാകുന്ന, സ്പോർട്സ്മാൻ സ്പിരിറ്റ്, രാജ്യ സ്നേഹത്തിന്റെ അടിസ്ഥാനമാണ് എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. തിരുവനന്തപുരത്ത് കാര്യവട്ടം എൽ എൻ സി പി യിൽ സൻസദ് ഖേൽ മഹോത്സവം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മികച്ച കായിക താരങ്ങളെ ചടങ്ങിൽ മന്ത്രി അനുമോദിച്ചു.

**************************

## ഏഷ്യാ കപ്പ്

ഏഷ്യാ കപ്പ് ടി-20 ക്രിക്കറ്റിലെ സൂപ്പർ ഫോർ മത്സരത്തിൽ ഇന്ന് ഇന്ത്യ പാകിസ്ഥാനെ നേരിടും. ദുബായിൽ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം. സൂപ്പർ ഫോർ ഘട്ടത്തിലെ ആദ്യ മത്സരത്തിൽ ഇന്നലെ ബംഗ്ലാദേശ് ശ്രീലങ്കയെ നാല് വിക്കറ്റിന് പരാജയപ്പെടുത്തി.

RNU TVPM

**************************

## ശുചീകരണം ദിനാചരണം - ലക്ഷദ്വീപ്

അന്താരാഷ്ട്ര തീരദേശ ശുചീകരണ ദിനാചരണത്തിന്റെ ഭാഗമായി കവരത്തി ദ്വീപിലെ തീരങ്ങളിൽ ശുചീകരണ പ്രചാരണ പരിപാടികൾക്ക് തുടക്കമായി. ദ്വീപുകളിൽ നിന്ന് ശേഖരിക്കുന്ന മാലിന്യങ്ങളുടെ വിവരങ്ങൾ ക്രോഡീകരിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും ലക്ഷദ്വീപിന്റെ മാലിന്യ നിർമ്മാജന യജ്ഞത്തിന് രൂപരേഖ തയ്യാറാക്കുകയുമാണ് ശുചീകരണ കാമ്പയിൻ ലക്ഷ്യമിടുന്നത്. National Central for Coastal

Reserch ന്റെ സഹകരണത്തോടെ Reserch and environmental education foundation ന്റെ ആഭിമുഖ്യത്തിലാണ് പരിപാടി.

*

**********

****************************************

RNU TVPM